കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നിയമഭേദഗതി ആക്ററ്, 1932

## (1932-ലെ 23-ാം നമ്പർ ആക്ററ്)

(1932 ഡിസംബർ 19-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില :

2274

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ക്രിമിനൽ നിയമഭേദഗതി ആക്ററ്, 1932

(1932-ലെ 23-ാം നമ്പർ ആക്ററ്)

(1932 ഡിസംബർ 19-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

© കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ക്രിമിനൽ നിയമ ഭേദഗതി ആക്റ്റ്, 1932

(1932-ലെ 23)

## ക്രിമിനൽ നിയമം അനുപുരണം ചെയ്യാനുള്ള ആക്റ്റ്

[1932 ഡിസംബർ, 19]

ഇതിൽ ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്ക് ക്രിമിനൽ നിയമം അനുപുരണം ചെയ്യുകയും, ആ ലക്ഷ്യത്തോടെ ഇൻഡ്യൻ പ്രസ്സ് (അടിയന്തരാധികാരങ്ങൾ) ആക്റ്റ്, 1931 (1931-ലെ 23) ഭേദഗതി ചെയ്യുകയും, ഇൻഡ്യൻ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റ്, 1908 (1908-ലെ 14) കൂടുതലായി ഭേദഗതി ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ ;

ഇതിനാൽ താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും കാലാവധിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1932 എന്നു പേർപറയാവുന്നതാണ്.

(2) ഇത് 1956 നവംബർ 1-ാം തീയതിക്കു തൊട്ടുമുമ്പ് ഖ ഭാഗം സ്റ്റേറ്റുകളിൽ അടങ്ങിയിരുന്ന രാജ്യക്ഷേത്രങ്ങൾ ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) * * * * * * * * * * * * * * * * *

(4) 7-ാം വകുപ്പ് ഒഴികെയുള്ള ആക്റ്റ് മുഴുവൻ ഉടനെ പ്രാബല്യത്തിൽ വരുന്നതും, സ്റ്റേറ്റ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, 7-ാം വകുപ്പ് ഏതെങ്കിലും പ്രദേശത്ത് വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന തീയതി പ്രാബല്യത്തിൽ വരുമെന്ന് നിദേശിക്കാവുന്നതുമാണ്.

[2 മുതൽ 4 വരെ (ഉദ്യോഗത്തിൽ പ്രവേശിക്കലിൽ നിന്നും പിൻതിരിക്കൽ. പബ്ലിക്ക് സർവൻറുമാരുമായി അനാവശ്യമായി ഇടപെടുക, അഭ്യപകർഷണം ചെയ്യുക) ക്രിമിനൽ നിയമഭേദഗതി ആക്റ്റ്, 1935-2-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.]

5. നിരോധിക്കപ്പെട്ട രേഖകളുടെ ഉള്ളടക്കത്തിൻെറ പ്രസാരണം.—(1) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ പ്രതികൾ ഗവൺമെൻറിലേക്ക് കണ്ടു കെട്ടിയതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വർത്തമാന പത്രത്തിലേയോ പുസ്തകത്തിലേയോ മററു രേഖയിലേയോ ഏതെങ്കിലും ഉദ്ധരണം പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ പരസ്യമായി ആവർത്തിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറു മാസത്തോളമാകാവുന്ന കാലത്തേക്കുള്ള തടവുശിക്ഷയോ, പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(2) പ്രസിദ്ധപ്പെടുത്തുകയോ പ്രചരിപ്പിക്കുകയോ ആവർത്തിക്കുകയോ ചെയ്യപ്പെടുന്ന ഉദ്ധരണം, സ്റ്റേറ്റ് ഗവൺമെൻറിൻെറ അഭിപ്രായത്തിൽ, ക്രിമിനൽ നടപടി നിയമസംഹിത, 1898, (1898 ലെ 5) 99ക വകുപ്പ്, (1)-ാം ഉപവകുപ്പിലോ, ഇൻഡ്യൻപ്രസ്, (അടിയന്തരാധികാരങ്ങൾ) ആക്റ്റ്, 1931, (1931-ലെ 23) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലോ പരാമർശിച്ച പ്രകൃതത്തിലുള്ള രാജ്യദ്രോഹപരമോ മറേറാ ആയ വിഷയം അടങ്ങുന്നുണ്ടെന്ന് സ്റ്റേറ്റ് ഗവൺമെൻറ് സർട്ടിഫൈ ചെയ്യാത്തപക്ഷം, യാതൊരു കോടതിയും ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം നടപടിയ്ക്കെടുക്കാൻ പാടുള്ളതല്ല.

6. (തെററായ കിംവദന്തികളുടെ പ്രസാരണം) ക്രിമിനൽ നിയമഭേദഗതി ആക്ട്, 1935 2-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

7. ജോലിക്കോ ബിസിനസ്സിനോ ഭംഗം വരത്തക്കവിധം ഒരാളെ അസഹ്യപ്പെടുത്തൽ.—(1) ആരാണോ,—

(ക) ഏതെങ്കിലും ആരംക്ക് ചെയ്യാനോ ചെയ്യാതിരിക്കാനോ അവകാശമുള്ള ഏതെങ്കിലും കൃത്യം അയാളെക്കൊണ്ട് ചെയ്യാതിരിപ്പിക്കാനോ ചെയ്യിക്കാനോ ഉള്ള ഉദ്ദേശ്യത്തോടുകൂടി അയാളേയോ അയാളുടെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തേയോ, അയാളുടെ നിയോജനത്തിലുള്ള ഏതെങ്കിലും ആളേയോ തടസ്സപ്പെടുത്തുകയോ, അവരിൽ ആരുടേയെങ്കിലും നേരെ അക്രമം പ്രയോഗിക്കുകയോ അതിൽ ആരേയെങ്കിലും ഭയപ്പെടുത്തുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളോ അംഗമോ നിയോജിക്കപ്പെട്ട ആളോ, താമസിക്കുന്നതോ പ്രവൃത്തി ചെയ്യുന്നതോ ബിസിനസ് നടത്തിക്കൊണ്ടു പോകുന്നതോ, ഉണ്ടായിരിക്കുന്നതോ ആയ ഒരു സ്ഥലത്തോ അതിനടുത്തോ കറങ്ങി നടക്കുകയോ, അല്ലെങ്കിൽ അയാളെ ഒരു സ്ഥലത്തു നിന്ന് മറെറാരു സ്ഥലത്തേക്ക് വിടാതെ പിൻതുടരുകയോ, അല്ലെങ്കിൽ അയാളുടെ ഉടമയിലുള്ളതോ അയാരം ഉപയോഗിക്കുന്നതോ ആയ ഏതെങ്കിലും വസ്തുവിൽ ഇടപെടുകയോ, അത് അയാരം ഉപയോഗിക്കുന്നത് ഇല്ലാതാക്കുകയോ ഉപയോഗിക്കുന്നതിൽ അയാളെ തടസ്സപ്പെടുത്തുകയോ, അല്ലെങ്കിൽ

(ഖ) ഒരാരം ബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്ന സ്ഥലത്തോ അതിനടുത്തോ, കറങ്ങി നടക്കുകയോ സദൃശമായ ഏതെങ്കിലും കൃത്യം ചെയ്യുകയോ ചെയ്യുന്നതുവഴി ഏതെങ്കിലും ആരം അങ്ങനെയുള്ള സ്ഥലത്ത് പ്രവേശിക്കുകയേ സമീപിക്കുകയോ അവിടെ എന്തെങ്കിലും ഇടപാടു ചെയ്യുകയോ ചെയ്യുന്നതിൽ നിന്ന് ഭയന്നു പിൻതിരിയത്തക്കവിധവും ആ ഉദ്ദേശ്യത്തോടുകൂടിയും അപ്രകാരം ചെയ്യുകയോ ചെയ്യുന്നത് അങ്ങനെയുള്ള ഏതൊരാളും ആറു മാസത്തോളമ കാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ അഞ്ഞൂറ് രൂപയോളമാക വുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—ഈ വകുപ്പ് നിരോധിക്കുന്ന കൃത്യങ്ങളിൽ ഏതെങ്കിലും ചെയ്യാതെ, നാട്ടുവ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതോ മദ്യവർജ്ജനത്തിന് വേണ്ടി വാദിക്കുന്നതോ ഈ വകുപ്പിൻകീഴിൽ കുററമായിരിക്കുന്നതല്ല.

(2) ഈ വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം പോലീസ് സ്റേറഷന്റെ ചാർജ്ജുള്ള ഉദ്യോഗസ്ഥന്റെ പദവിക്ക് താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥൻ അങ്ങനെയുള്ള കുററത്തെ, ആ കുററമാക്കിത്തീർക്കുന്ന വസ്തുതകളെക്കുറിച്ച് ചെയ്യുന്ന ലിഖിതമായ റിപ്പോർട്ടിൻമേലല്ലാതെ യാതൊരു കോടതിയും നടപടിയെടുക്കാൻ പാടുള്ളതല്ല.

8. (പ്രായമാകാത്ത ഒരാളുടെ മേൽ ചുമത്തിയ പിഴ ഒടുക്കുന്നതിനു മാതാവിനേയോ പിതാവിനേയോ രക്ഷാകർത്താവിനേയോ നിർദ്ദേശിക്കുന്നതിനുള്ള അധികാരം) ക്രിമിനൽ നിയമ ഭേദഗതി ആക്ട്, 1935-ലെ 2-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

9. ആക്ററിൻ കീഴിലെ കുററങ്ങളിലെ നടപടിക്രമം ക്രിമിനൽനടപടി നിയമസംഹിത, 1898 (1898-ലെ 5) -ൽഎന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ് മജിസ്ട്രേററിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും, ഈ ആക്ററിൻ കീഴിലെ ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടില്ലാത്തതും

(ii) 5-ാം വകുപ്പിനോ 7-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം പോലീസിന് കോഗ്നൈസിബിൾ ആയിരിക്കുന്നതും;

* * * *

(iv) 7-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ജാമ്യം അനുവദിക്കേണ്ടതല്ലാത്തതായിരുക്കുന്നതും;

ആകുന്നു.

10. ചില കുററങ്ങൾ കോഗ്നൈസിബിളും ജാമ്യം അനുവദിക്കേണ്ടവയല്ലാത്തതും ആക്കാൻ സ്റേററ്ഗവൺമെൻറിനുള്ള അധികാരം.—(1) സ്റേററ്ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത, (1860-ലെ 45) 186-ാം വകുപ്പിനോ, 188-ാം വകുപ്പിനോ, 189-ാം വകുപ്പിനോ, 190-ാം വകുപ്പിനോ, 228-ാം വകുപ്പിനോ 295 ക വകുപ്പിനോ 298-ാം വകുപ്പിനോ 505-ാം വകുപ്പിനോ, 506-ാം വകുപ്പിനോ 507-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും പ്രദേശത്ത് ചെയ്യപ്പെടുമ്പോൾ ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും കോഗ്നൈസിബിൾ ആയിരിക്കുന്നതാണെന്ന് പ്രഖ്യാപിക്കാവുന്നതും അതോടെ, അതനുസരിച്ച് ക്രിമിനൽ നടപടി നിയമ സംഹിത, 1898 അങ്ങനെയുള്ള വിജ്ഞാപനം പ്രാബല്യത്തിലിരിക്കുമ്പോൾ, ഭേദഗതിചെയ്യപ്പെട്ടിരിക്കുന്നതായി കരുതപ്പെടുന്നതുമാകുന്നു.

(2) സ്റേററ്ഗവൺമെൻറിന് സദൃശമായ രീതിയിലും സദൃശമായ നിബന്ധനകൾക്ക് വിധേയമായും, സദൃശമായ പ്രഭാവത്തോടുകൂടിയും, ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത, (1860-ലെ 45) 188-ാം വകുപ്പിനോ 506-ാം വകുപ്പിനോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററം ജാമ്യം അനുവദിക്കേണ്ടതല്ലാത്തതാണെന്ന് പ്രഖ്യാപിക്കാവുന്നതാണ്.

[11 മുതൽ 14 വരെ (1908-ലെ 14-ാം ആക്ററ്-ൽ 16-ാം വകുപ്പിൻെറ ഭേദഗതി. 1908-ലെ 14-ാം ആക്ററ്-ൽ 17-ാം വകുപ്പിൻെറ ഭേദഗതി. 1908-ലെ 14-ാം ആക്ററിൽ പുതിയ 17 ക മുതൽ 17 ച വരെയുള്ള വകുപ്പുകളുടെ ചേർക്കൽ. 1931-ലെ 23-ാം ആക്ററിൻെറ പീഠികയും പേരും ഭേദഗതി ചെയ്യൽ) 1938-ലെ റദ്ദാക്കൽ ആക്ററ് (1938-ലെ 1) 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.]

15. (1931-ലെ 23-ാം ആക്ററ് 1-ാം വകുപ്പിൻെറ ഭേദഗതി) ക്രിമിനൽ നിയമ ഭേദഗതി ആക്ററ്, 1935 2-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

16. (1931-ലെ 23-ാം ആക്ററ് 4-ാം വകുപ്പിൻെറ ഭേദഗതി) റദ്ദാക്കൽ ആക്ററ്, 1938 (1938-ലെ 1)-ലെ 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.

17. 1932-ലെ 10-ാം ആർഡിനൻസ് 62-ാം വകുപ്പിൻെറ പ്രഭാവത്തിൻെറ നിറുത്തിവയ്ക്കൽ ക്രിമിനൽ നിയമഭേദഗതി ആക്ററ്, 1935 2-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

18. 1932-ലെ 10-ാം ആർഡിനൻസിൻ കീഴിൽ എടുത്ത നടപടിയുടെ അംഗീകാരവും അതു തുടരുന്നതും.—പ്രത്യേക അധികാരങ്ങൾ ആർഡിനൻസ്, 1932 (1932-ലെ 10)-ലെ 111-ാം അദ്ധ്യായത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ചെയ്ത എന്തെങ്കിലുമോ, ആരംഭിച്ച ഏതെങ്കിലും നടപടികളോ, ഈ ആക്ററിൻെറ പ്രാരംഭത്തിൽ, ഈ ആക്ററിനാൽ ഭേദഗതി ചെയ്യപ്പെട്ട ഇൻഡ്യൻ ക്രിമിനൽ ഭേദഗതി ആക്ററ്, 1908 (1908-ലെ 45) തൽസ്ഥാനീയ വ്യവസ്ഥ

കൾക്ക് അനുസൃതമായി ചെയ്തിട്ടുള്ളതോ ആരംഭിച്ചിട്ടുള്ളതോ ആയി കരുതപ്പെടുന്നതും അവയ്ക്ക്, അങ്ങനെയുള്ള എന്തെങ്കിലും ചെയ്യുകയോ, അങ്ങനെയുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്തപ്പോൾ, ഈ ആക്റ്റ് പ്രാബല്യത്തിൽ ഉണ്ടായിരുന്നാലെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

19. 1932-ലെ 10-ാം ആർഡിനൻസിനാൽ ഭേദഗതി ചെയ്തപ്രകാരം 1931-ലെ 23-ാം ആക്റ്റിൻ കീഴിൽ എടുക്കപ്പെട്ട നടപടിയുടെ സ്വീകരിക്കലും തുടരലും.—പ്രത്യേക അധികാരങ്ങൾ ആർഡിനൻസ്, 1932-ലെ 77-ാം വകുപ്പനുസരിച്ച് ഭേദഗതി ചെയ്തപ്രകാരം ഇൻഡ്യൻപ്രസ് അടിയന്തിരാവസ്ഥ അധികാരങ്ങൾ ആക്റ്റ്, 1931 (1932-ലെ 10)-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ചെയ്തപ്രകാരമുള്ള എന്തെങ്കിലുമോ ആരംഭിച്ച നടപടികളോ ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്യപ്പെട്ട ഇൻഡ്യൻ പ്രസ് (അടിയന്തിരാവസ്ഥാധികാരങ്ങൾ) ആക്റ്റ്, 1931 (1931-ലെ 23)-ലെ തൽസ്ഥാനീയവ്യവസ്ഥകൾക്ക് അനുസൃതമായി ചെയ്തിട്ടുള്ളതോ ആരംഭിച്ചിട്ടുള്ളതോ ആയി കരുതപ്പെടുന്നതും അവയ്ക്ക് അങ്ങനെയുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്തപ്പോൾ തന്നെ ഈ ആക്റ്റ് പ്രാബല്യത്തിലുണ്ടായിരുന്നാലെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

20. (1932-ലെ 10-ാം ആർഡിനൻസിനു വിരുദ്ധമായ കുററങ്ങളുടെ വിചാരണയും വിചാരണകളുടെ പൂർത്തിയാക്കലും) 1935-ലെ ക്രിമിനൽ നിയമ ഭേദഗതി ആക്റ്റ് 2-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.